**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിലെ ആശുപത്രി കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വേതന വർദ്ധനവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ

സ.ഉ.(സാധ) നം 286/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 2/2/2017

---

പരാമർശം : 1. 20.01.2016 തീയതിയിലെ സ.ഉ(സാധാ.)നം. 210/2016/ തസ്വഭവ

2. 26.02.16 തീയതിയിലെ GO(P) No.28/16/Fin ഉത്തരവ്

3 തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 28.03.2016 തീയതിയിലെ എച്ച്.1 ക്യൂ.-30930/08 നമ്പർ കത്ത്

4. നഗരകാര്യ ഡയറക്ടറുടെ 30.07.2016 തീയതിയിലെ ഡി.സി.2-16682/16 നമ്പർ കത്ത്

## <u>ഉത്തരവ്</u>

നഗരസഭകളിലെ ആശുപത്രി കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം പരാമർശം ഒന്ന് പ്രകാരം 01.10.2014 മുതൽ 400/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. ദിവസവേതനത്തിൽ ജോലിചെയ്യുന്ന data entry operator മാരുടെ വേതനം പരാമർശം രണ്ട് പ്രകാരം 1.4.2016 മുതൽ 675/- രൂപയായി ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം നഗരസഭയിലെ ആശുപത്രി കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വേതന വർദ്ധനവ് അനുവദിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം മൂന്ന് പ്രകാരം തിരുവനന്തപുരം നഗരസഭ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

2. ടി വിഷയത്തിന്മേൽ പരാമർശം 4 പ്രകാരം നഗരകാര്യ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ എല്ലാ നഗരസഭകളിലേയും ജീവനക്കാർക്ക് ബാധകമാകുന്ന വിധത്തിൽ വേതന വർദ്ധനവ് അനുവദിച്ചുകൊണ്ടുള്ള പൊതു ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം ദിവസ വേതനത്തിൽ ജോലിചെയ്യുന്ന data entry operator മാരുടെ വേതനം

1.4.2016 മുതൽ 675/- രൂപയായി ഉയർത്തിയിട്ടുള്ള സാഹചര്യത്തിൽ ടി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം നഗരസഭയിലെ ആശുപത്രി കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വേതന വർദ്ധനവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അബ്ദുൾകലാം. എം**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

സെക്രട്ടറി/ചെയർമാൻ, തിരുവനന്തപുരം നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

Finance Department ( 299421/Dev1/16/Fin തീയതി 31/12/2016)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ